## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6026
## 2018 ഏപ്രിൽ 02-നുള്ള മറുപടിയ്ക്ക്

### സർക്കാർ ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പ

| | ചോദ്യം<br>ശ്രീ.പി.കെ.ബഷീർ, എം.എൽ.എ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്ക് വീട് നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ വായ്പാ പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ വർഷവും എത്ര പേർക്ക് ഭവന നിർമ്മാണ വായ്പ അനുവദിച്ച് നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സർക്കാർ ജീവനക്കാർക്ക് വീട് നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ വായ്പാ പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ **3003** അപേക്ഷകളിൽ വായ്പ അനുവദിക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകളിലേക്ക് ഫണ്ട് അലോട്ട് ചെയ്യിട്ടുള്ളതാണ്. അതിൽ 53 അപേക്ഷകളിൽ വായ്പ വേണ്ടെന്ന് പറഞ്ഞ് വകുപ്പുകളിൽ നിന്ന് തുക സറണ്ടർ ചെയ്തിട്ടുള്ളതാണ്. 2016-17 സാമ്പത്തിക വർഷത്തിൽ ആകെ 2950 അപേക്ഷകർ ഭവന നിർമ്മാണ വായ്പ കൈപ്പറ്റിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ആകെ 344 അപേക്ഷകളിൽ വായ്പ അനുവദിക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകളിലേക്ക് 50 കോടി രൂപ അലോട്ട് ചെയ്തു കഴിഞ്ഞു. അതിൽ 7 അപേക്ഷകളിൽ വായ്പ വേണ്ടെന്ന് വിവിധ വകുപ്പുകളിൽ നിന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വായ്പ അനുവദിച്ച് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | സർക്കാർ ജീവനക്കാർക്ക് വീട് നിർമ്മിക്കുന്നതിന് കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 244-ലെ മാനദണ്ഡങ്ങൾ പ്രകാരമാണ് ഭവന നിർമ്മാണ വായ്പ നൽകി വരുന്നത്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.<br>• 5 വർഷത്തെ മുഴുവൻ സർവ്വീസ് പൂർത്തിയാക്കിയതും 50 മാസം സർവ്വീസ് അവശേഷിക്കുന്നതുമായ സർക്കാർ ജീവനക്കാരും അദ്ധ്യാപകരുമാണ് സർക്കാരിന്റെ ഭവന നിർമ്മാണ വായ്പയ്ക്ക് അർഹരായുള്ളത്. ഭാഗിക സേവനമോ/ എയ്ഡഡ് വിദ്യാലയ സേവനമോ പരിഗണിക്കുന്നതല്ല. സ്വന്തമായോ ഭാര്യ/ഭർത്താവിന്റെയോ പ്രായപൂർത്തിയാകാത്ത മക്കളുടെയോ പേരിൽ താമസയോഗ്യമായ വീടുള്ളവർ ടി വായ്പയ്ക്ക് അർഹരല്ല.<br>• അടിസ്ഥാന ശമ്പളത്തിന്റെ 50 ഇരട്ടി എന്നാൽ പരമാവധി 20 ലക്ഷം രൂപയാണ് വായ്പയായി അനുവദിക്കുന്നത്. |

| | | |
|---|---|---|
| | | • 8% വാർഷിക സാധാരണ പലിശ നിരക്കിലാണ് വായ്പ അനുവദിക്കുന്നത്.<br>• ബാങ്കിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ ഉള്ള ഭവന വായ്പ സർക്കാരിന്റെ ഭവന നിർമ്മാണ വായ്പാ പദ്ധതിയിലേക്ക് ഏറ്റെടുക്കുന്നത് അനുവദനീയമല്ല.<br>• വിരമിക്കാൻ കുറഞ്ഞ സേവന കാലയളവുള്ളവരാണ് സംസ്ഥാനതല ഭവന നിർമ്മാണ വായ്പാ മുൻഗണനാപ്പട്ടികയിൽ ആദ്യമുണ്ടാവുക.<br>• തൊട്ടു മുമ്പുള്ള 2 സാമ്പത്തിക വർഷം ഭവന വായ്പ സറണ്ടർ ചെയ്തിട്ടുള്ളവർ തൻ വർഷത്തെ ഭവന നിർമ്മാണ വായ്പയ്ക്ക് അർഹരല്ല. ഒരിക്കൽ സർക്കാരിന്റെ ഭവന നിർമ്മാണ വായ്പ എടുത്തിട്ടുള്ളവർ വീണ്ടും ടി വായ്പയ്ക്ക് അർഹരല്ല.<br>• ജീവനക്കാരന്/ജീവനക്കാരിയ്ക്ക് അല്ലെങ്കിൽ ടിയാളുടെ ഭാര്യയ്ക്ക്/ ഭർത്താവിന് പൂർണ്ണവകാശമുള്ള ഭൂമിയിലായിരിക്കണം വീട് നിർമ്മിക്കേണ്ടത്. എന്നാൽ ജീവനക്കാരൻ ഉത്തമതാൽപര്യത്തോടെ വീട് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വസ്തുവിന്റെ ഉടമസ്ഥാവകാശം ജീവനക്കാരന് പൂർണ്ണമായും ഇല്ലെങ്കിൽ പോലും ആയത് സർക്കാരിന് സംതൃപ്തമാകുന്ന പക്ഷം ഭവന നിർമ്മാണ വായ്പ നൽകുന്നതിന് ഈ നിയമം തടസ്സപ്പെടുത്തുകയില്ല.<br>• സർക്കാരിൽ നിന്ന് ഭവന നിർമ്മാണ വായ്പ ലഭിച്ചവർ വസ്തുവും അതിൽ നിർമ്മിക്കുന്ന വീട്ടും/ വീട്ടും സ്ഥലവും വാങ്ങിക്കുന്നതാണെങ്കിൽ ആയതും സർക്കാരിൽ പണയപ്പെടുത്തേണ്ടതുണ്ട്. |

**സെക്ഷൻ ഓഫീസർ**